# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 251 — 26/02/2018-ൽ മറുപടിക്ക്

### ഭക്ഷ്യജന്യ രോഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭക്ഷ്യജന്യ രോഗങ്ങൾ വ്യാപകമാകുന്നതും ആയത് വിശിഷ്യാ കുട്ടികളെ കൂടുതലായി ബാധിക്കുന്നതുമായ വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ആരോഗ്യപരമായ ഭക്ഷണരീതി സംബന്ധിച്ച വിവരങ്ങൾ കുട്ടികൾക്ക് പ്രാപ്യമാക്കുന്നതിനും ആയത് പ്രവർത്തിപഥത്തിൽ എത്തിക്കാൻ വിദ്യാർത്ഥികളെ പര്യാപ്തമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | ബി) | ഭക്ഷ്യജന്യ രോഗങ്ങൾ കുട്ടികളുടെ ഇടയിൽ രണ്ട് തരത്തിലാണ് കണ്ടുവരുന്നത്. വൃത്തിഹീനവും, അമിതകീടനാശിനി പ്രയോഗവും കൊണ്ട് ഭക്ഷ്യയോഗ്യം അല്ലാത്ത ഭക്ഷണത്തിലൂടെ വരുന്ന രോഗങ്ങളും, അനാരോഗ്യകരമായ ഭക്ഷണങ്ങൾ ക്രമാതീതമായി കഴിച്ചുണ്ടാകുന്ന രോഗങ്ങളും ഇതിൽ ഉൾപ്പെട്ടും. ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ, വിഷാംശം കലർന്ന ഭക്ഷ്യ ഉത്പന്നങ്ങൾ, കൃത്രിമ രുചിക്കൂട്ടുകൾ, മായം കലർന്ന ഭക്ഷണം എന്നിവയിലൂടെ ഉണ്ടാകുന്ന രോഗങ്ങൾ തടയുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് ഉത്തരവാദിത്തം അർപ്പിതമായിരിക്കുന്നത്.<br>അനാരോഗ്യകരമായ ഭക്ഷണരീതിയിലൂടെ ഉണ്ടാകുന്ന രോഗങ്ങൾ ആരോഗ്യ ബോധവത്ക്കരണത്തിലൂടെയും സ്വന്തം ഉത്തരവാദിത്വത്തിലൂടെയും ആണ് നിയന്ത്രിക്കേണ്ടത്.<br>സ്കൂളുകളിൽ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി LEAP എന്ന പദ്ധതി (Lifestyle Education and Awareness Programme) സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിരുന്നു. ഇത് ഇപ്പോൾ RBSK കീഴിലുള്ള സ്കൂൾ ആരോഗ്യ പദ്ധതിയുമായി ലയിപ്പിച്ചിരിക്കുകയാണ്. ഇതിനു പുറമെ Junk food, വ്യായാമമില്ലായ്മ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും വിദ്യാർത്ഥികൾക്കായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ